൮൦൭൧
൨൭/൨/൨൦

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – മലപ്പുറം ജില്ല – ഉജ്ജീവന വായ്പ പദ്ധതി - ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ. ഉ. (സാധാ) നം.851/2020/റവ. തിരുവനന്തപുരം, തീയതി: 26.02.2020**

---

പരാമർശം: 1. സ.ഉ. (കൈ) നം. 27/2018/ഡി.എം.ഡി. തീയതി : 17.12.2018.
2. സ.ഉ. (കൈ) നം. 4/2019/ഡി.എം.ഡി. തീയതി : 22.02.2019
3. (എ) ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ 21.06.2019 ലെ കത്ത്.
(ബി) ബ്രാഞ്ച് മാനേജർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, എടപ്പാളിന്റെ 22.05.20190 ലെ കത്ത്.
(സി) സെക്രട്ടറി, കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്കിന്റെ 25.06.2019 ലെ കത്ത്.
(ഡി) മാനേജർ, പഞ്ചാബ് നാഷണൽ ബാങ്ക്, കുറ്റിപ്പുറത്തിന്റെ 01.11.2019 ലെ കത്ത്.
(ഇ) ബ്രാഞ്ച് മാനേജർ, അർബൻ കോഓപ്പറേറ്റീവ് ബാങ്ക്, ഉതശാഖയുടെ 16.05.2019 ലെ കത്ത്.
(എഫ്) ബ്രാഞ്ച് മാനേജർ, കാനറ ബാങ്ക്, വെറ്റിലപ്പാറയുടെ 06.06.2019 ലെ കത്ത്.
(ജി) സെക്രട്ടറി, വേങ്ങര സർവ്വീസ് സഹകരണ ബാങ്കിന്റെ 07.11.2019 ലെ കത്ത്.
(എച്ച്) ബ്രാഞ്ച് മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരൂരിന്റെ 24.09.2019 ലെ കത്ത്.
(ഐ) ബ്രാഞ്ച് മാനേജർ, കാനറ ബാങ്ക്, എടവണ്ണയുടെ 04.12.2019 ലെ കത്ത്.

## ഉത്തരവ്

2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതിയിൽ' വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ മലപ്പുറം ജില്ലയിലെ 11 സംരംഭകർക്ക് വിവിധ ബാങ്കുകൾ അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻമണി/താങ്ങ്പലിശ, വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരം മലപ്പുറം ജില്ലയിലെ താഴെപ്പറയുന്ന 11 കർഷകർക്ക്/സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻമണി **13,50,000/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കർഷകന്റ/സംരംഭകന്റെ സ്ഥാപനത്തിന്റെ പേര്/വിഭാഗം | ബന്ധപ്പെട്ടവകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | 'ടേംലോൺ'/പ്രവർത്തന മൂലധനം അനുവദിച്ച ബാങ്ക്/ബ്രാഞ്ച് | ടേംലോൺ'/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/ താങ്ങു പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങു പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്/ബ്രാഞ്ച്/ IFSC code/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മാനുകുട്ടൻ | തിരൂർ ഉപജില്ലാ വ്യവസായ ഓഫീസറുടെ 29.01.2019 ലെ ബി/433/2018 നമ്പർ കത്ത്. | പഞ്ചാബ് നാഷണൽ ബാങ്ക്, കുറ്റിപ്പുറം, മലപ്പുറം | 1,50,000 | 37,500 | |
| 2 | പ്രമോദ് | തിരൂർ ഉപജില്ലാ വ്യവസായ ഓഫീസറുടെ 29.01.2019 ലെ ബി/433/2018 നമ്പർ കത്ത്. | പഞ്ചാബ് നാഷണൽ ബാങ്ക് , കുറ്റിപ്പുറം, മലപ്പുറം | 1,00,000 | 25,000 | |
| 3 | ഇന്ദിര.എം | പെരിന്തൽമണ്ണ ഉപജില്ലാ വ്യവസായ ഓഫീസറുടെ 06.11.2019 ലെ എ/529/2018 നമ്പർ കത്ത്. | അർബൻ കോഓപ്പറേറ്റീവ് ബാങ്ക് പെരിന്തൽമണ്ണ മുതശാഖ | 50,00,000 | 2,00,000 | |
| 4 | കുഞ്ഞിമുഹമ്മദ് | തിരൂരങ്ങാടി ഉപജില്ലാ വ്യവസായ ഓഫീസറുടെ 22.02.19 ലെ എ.594/18 നമ്പർ കത്ത്. | വേങ്ങര സർവ്വീസ് കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 3,00,000 | 75,000 | |
| 5 | മുഹമ്മദാലി | തിരൂരങ്ങാടി ഉപജില്ലാ വ്യവസായ ഓഫീസറുടെ 22.02.19 ലെ എ.594/18 നമ്പർ കത്ത്. | വേങ്ങര സർവ്വീസ് കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 10,00,000 | 2,00,000 | |

| | | | | | | |
|---|---|---|---|---|---|---|
| 6 | സുരേഷ്ബാബു | ഏറനാട് ഉപജില്ലാ വ്യവസായ ഓഫീസറുടെ 19.03.2019 ലെ E1/269/2019 നമ്പർ കത്ത് | കാനറ ബാങ്ക് എടവണ്ണ ബ്രാഞ്ച് | 7,50,000 | 1,87,500 | |
| 7 | സുലൈമാൻ | തിരൂർ ഉപജില്ലാ വ്യവസായ ഓഫീസറുടെ 05.02.2019 ലെ ബി/433/2018 നമ്പർ കത്ത്. | ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം | 7,00,000 | 1,75,000 | |
| 8 | അബ്ദുൾ റസാഖ്.പി.വി | പൊന്നാനി ഉപജില്ലാ വ്യവസായ ഓഫീസറുടെ 02.03.2019 ലെ B/114/19 നമ്പർ കത്ത്. | ഇന്ത്യൻ ഓവർസീസ് ബാങ്ക് എടപ്പാൾ | 4,00,000 | 1,00,000 | |
| 9 | ടോമി സെബാസ്റ്റ്യൻ | നിലമ്പൂർ ഉപജില്ലാ വ്യവസായ ഓഫീസറുടെ 09.05.2019 ലെ എൻ.ടി1/500/2018 നമ്പർ കത്ത്. | കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് | 10,00,000 | 2,00,000 | |
| 10 | ജാഫർ.ടി | ഏറനാട് ഉപജില്ലാ വ്യവസായ ഓഫീസറുടെ 25.02.2019 ലെ E1/175/2019 നമ്പർ കത്ത് | കാനറ ബാങ്ക് വെറ്റിലപ്പാറ | 5,00,000 | 1,25,000 | |
| 11 | പരമേശ്വരൻ | തിരൂർ ഉപജില്ലാ വ്യവസായ ഓഫീസറുടെ 28.01.2019 ലെ ബി/433/2018 നമ്പർ കത്ത്. | സിൻഡിക്കേറ്റ് ബാങ്ക് തിരൂർ | 1,00,000 | 25,000 | SYNB0004600 46009910000525 |
| | ആകെ | | | | **13,50,000** | |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻമണി ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന **13,50,000/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ട് മുഖാന്തിരം അതത് ജില്ലാ കളക്ടർമാർക്ക് നൽകുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻമണി ഇനത്തിൽ ഖണ്ഡിക 3- ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ അതത് ജില്ലാ കളക്ടർമാർ പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തേണ്ടതും ശേഷം തുക ക്രെഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ അതത് ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ടി ഇനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എൽ.ഗീത**

**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി, കാനറാ ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
ബ്രാഞ്ച് മാനേജർ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, എടപ്പാൾ, മലപ്പുറം
സെക്രട്ടറി, കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം
മാനേജർ, പഞ്ചാബ് നാഷണൽ ബാങ്ക്, കുറ്റിപ്പുറം, മലപ്പുറം
മാനേജർ, അർബൻ കോഓപ്പറേറ്റീവ് ബാങ്ക്, ഊത, മലപ്പുറം
മാനേജർ, കാനറബാങ്ക്, വെറ്റിലപ്പാറ, മലപ്പുറം
സെക്രട്ടറി, വേങ്ങര സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം
മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരൂർ, മലപ്പുറം
മാനേജർ, കാനറബാങ്ക്, എടവണ്ണ, മലപ്പുറം
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
✓വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Bindumol.KN

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു.റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
4. റവന്യൂ (ഡി.ആർ.എഫ് -എ/സി) വകുപ്പ്
5. ദുരന്ത നിവാരണ (എ/ബി) വകുപ്പ്